(ഡി) പോലീസ് സ്റ്റേഷന് പുറത്തുവച്ച് പോലീസ് കസ്റ്റഡിയിൽ നിന്ന് പ്രതികളെ മോചിപ്പിച്ച് കൊണ്ടുപോയ സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ 13 കേസുകളിലെ പ്രതികൾ എൽ.ഡി.എഫ്. കോൺഗ്രസ് (ഐ), സി.പി.എം., ബി.ജെ.പി., മുസ്ലീം ലീഗ് എന്നീ രാഷ്ട്രീയ കക്ഷികളിലെ അംഗങ്ങളോ അനുഭാവികളോ ആണ്.

ചന്ദനമരങ്ങൾ മോഷണം നടത്തിയ സംഭവങ്ങൾ

83 (83) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽപ്പെട്ട നടയറ ജമാഅത്ത് പള്ളി കോമ്പൗണ്ടിൽ നട്ടുവളർത്തിയിരുന്ന ചന്ദനമരങ്ങൾ തുടർച്ചയായി രാത്രി കാലങ്ങളിൽ മോഷ്ടാക്കൾ മുറിച്ചുകൊണ്ടു പോകുന്നതായി സർക്കാരിനു വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വർക്കല പോലീസിനും ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർക്കും ജമാഅത്ത് ഭാരവാഹികൾ നിരവധി പരാതികൾ സമർപ്പിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മോഷ്ടാക്കളെ അറസ്റ്റുചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള മരങ്ങളാണ് മോഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ മോഷ്ടാക്കളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വർക്കല സ്റ്റേഷനിൽ ക്രൈം നം. 38/2000 യു/എസ് 379 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു. പ്രതികൾ ആരെന്നു വെളിവായിട്ടില്ലാത്തതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

(സി) പ്രതികളെ അറസ്റ്റു ചെയ്യുന്നതിന് ഊർജ്ജിതമായ അന്വേഷണം തുടർന്നു വരുന്നു.

ബസ് ചാർജ്ജ് വർദ്ധിക്കുന്നതിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരെ ലാത്തിച്ചാർജ്ജ്

84 (84) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബസ്സ് ചാർജ്ജ് വർദ്ധനവിനെതിരെ സമരം ചെയ്ത കെ.എസ്.യു. (ഐ) നേതാക്കളെ മർദ്ദിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly